"ഭരണഭാഷ-മാതൃഭാഷ"

നം.ഐസി6-4736/2024

ചീഫ് എഞ്ചിനീയറുടെ കാര്യാലയം
ജലസേചനവും ഭരണവും
തിരുവനന്തപുരം
തീയതി: 26.09.2025

## നോട്ടീസ്

വിഷയം- ജലസേചനം-ജീവനക്കാര്യം-ശ്രീ.ഗോപു.എൻ, അസിസ്റ്റന്റ് എഞ്ചിനീയറുടെ പേര് 31.12.2023 വരെയുള്ള അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ (Diploma Holders) അന്തിമ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തി ഉത്തരവാകുന്നത് – സംബന്ധിച്ച്

സൂചന-1) 22.11.2024-ലെ ഐസി-6 3461/2024 നമ്പർ ഉത്തരവ്
2) 28.11.2024 ൽ ശ്രീ.ഗോപു.എൻ, അസിസ്റ്റന്റ് എഞ്ചിനീയർ സമർപ്പിച്ച അപ്പീൽ അപേക്ഷ
3) 12.08.2025-ലെ ആലുവ മൈനർ ഇറിഗേഷൻ സബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ A1-877/2025 നമ്പർ കത്ത്

സൂചന (1) പ്രകാരം പ്രസിദ്ധീകരിച്ച 31.12.2023 വരെയുള്ള അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ (Diploma Holders) അന്തിമ മുൻഗണനാ പട്ടികയിൽ ശ്രീ.ഗോപു.എൻ, അസിസ്റ്റന്റ് എഞ്ചിനീയറുടെ പേര് ഉൾപ്പെടുത്തുന്നതിന് സൂചന (2) പ്രകാരം അപേക്ഷ ലഭിച്ചിട്ടുണ്ട്. സൂചന (3) കത്തിന്റെ അടിസ്ഥാനത്തിൽ അപേക്ഷയും അനുബന്ധ രേഖകളും പരിശോധിച്ചതിൽ നിന്നും ആയത് പരിഗണിക്കാവുന്നതാണ് എന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്.

29.01.2020 ലെ ഈ കാര്യാലയത്തിലെ A3-7800/2020 നമ്പർ സ്ഥാനക്കയറ്റ ഉത്തരവ് പ്രകാരം (ബൈട്രാൻസ്ഫർ മുഖേന) അസിസ്റ്റന്റ് എഞ്ചിനീയറായി ശ്രീ.ഗോപു.എൻ, 31.01.2020 അപരാഹ്നത്തിൽ സേവനത്തിൽ പ്രവേശിച്ചിട്ടുണ്ട്. മേൽ സാഹചര്യത്തിൽ സൂചന (1) അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ മുൻഗണനാപട്ടികയിൽ (Diploma Holders) ക്രമനമ്പർ 61 ആയ ശ്രീ. ഉണ്ണി.എം.കെ ക്കും ക്രമ നമ്പർ 62 ആയ ശ്രീ. സജികുമാർ.കെ ക്കും മദ്ധ്യേ ക്രമ നമ്പർ 61A ആയി പേര് ഉൾപ്പെടുത്തി ഉത്തരവാകാവുന്നതാണ്.

ഇതിന്മേൽ പരാതിയോ, ആക്ഷേപമോ ഉള്ളവർ വസ്തുത തെളിയിക്കാൻ മേലധികാരി സാക്ഷ്യപ്പെടുത്തിയ രേഖകൾ സഹിതം ഈ നോട്ടീസ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്ന തീയതി മുതൽ 15 ദിവസത്തിനുള്ളിൽ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്. ടി സമയപരിധിക്കുള്ളിൽ പരാതികൾ ഒന്നും തന്നെ ലഭിച്ചില്ലായെങ്കിൽ ശ്രീ.ഗോപു.എൻ ന്റെ പേര് പ്രസ്തുത മുൻഗണനാ പട്ടികയിൽ ക്രമ നമ്പർ 61A ആയി ഉൾപ്പെടുത്തുന്നതാണ്.

ചീഫ് എഞ്ചിനീയർക്കുവേണ്ടി
അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്

പകർപ്പ്

(1) ശ്രീ.ഗോപു.എൻ ,അസിസ്റ്റന്റ് എഞ്ചിനീയർ(ഓഫീസ് മേലധികാരി മുഖേന)
(2) അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ. എം.ഐ സബ് ഡിവിഷൻ, ആലുവ
(3) അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ഐ.ടി .സെൽ, ഇറിഗേഷൻ (നോട്ടീസ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി)
(4) കരുതൽ/അധികം